പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം .47 8.6.2015 ൽ മറുപടിയ്ക്ക്

## ജനസമ്പർക്ക പരിപാടിയിലൂടെ കെട്ടിക്കിടക്കുന്ന കേസ്സുകൾ തീർപ്പാക്കൽ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.തിലോത്തമൻ | ശ്രീ.ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |

| | |
|---|---|
| എ) കെട്ടിക്കിടക്കുന്നതും, വർഷങ്ങളായി പരിഹാരം ഉണ്ടാക്കുവാൻ ജനങ്ങൾ ഓഫീസുകളിൽ കയറിയിറങ്ങുന്നതുമായ കേസ്സുകൾ ജനസമ്പർക്ക പരിപാടികളിൽ തീർപ്പാകുന്നുവെങ്കിൽ ആയതിന് നിയമങ്ങളിലും ചട്ടങ്ങളിലും സർക്കാർ ഇളവു വരുത്തിയ സംഭവം ഉണ്ടായിട്ടുണ്ടോ; ഇല്ലെങ്കിൽ ഇപ്രകാരമുള്ള കേസുകൾ തീർപ്പാക്കാൻ കാലതാമസം വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ? വ്യക്തമാക്കുമോ? | എ) ഉണ്ട്. ഒന്നാംഘട്ട ജനസമ്പർക്ക പരിപാടിയിൽ ലഭിച്ച പരാതികൾ പരിശോധിച്ചതിൽ ചില ചട്ടങ്ങളും നിയമങ്ങളും പരിഷ്കരിക്കണമെന്ന് മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളും പരിഷ്കരിച്ചും ഭേദഗതി വരുത്തിയും 45 സർക്കാർ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഈ കാര്യത്തിൽ ഉദ്യോഗസ്ഥരെ കുറ്റപ്പെടുത്തുവാൻ സാദ്ധ്യമല്ല. ചട്ടങ്ങളും നിയമങ്ങളും പരിഷ്കരിക്കേണ്ടതു ഗവൺമെന്റ് തലത്തിലാണ്. |

Kunakuh

സെക്ഷൻ ഓഫീസർ